സബ്സിഡിയിനത്തിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ

99 (T* 4681) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കൺസ്യൂമർഫെഡിൽ സബ്സിഡി ഇനത്തിൽ 2011 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ചെലവിട്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	തുക (കോടിയിൽ)
2011-12	116.8722
2012-13	155.4778
2013-14	75.5729
2014-15	36.0884
ആകെ	384.0113

ബജറ്റിലെ 100-ാം ഇനത്തിലെ വിവിധ പദ്ധതികൾ

100 (4682) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

2015-2016 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 100-ാം ഇനമായി 85.39 കോടി രൂപ വിവിധ പദ്ധതികൾക്കായി നീക്കിവെച്ചിട്ടുള്ളതായി കാണുന്നു എന്തെല്ലാമാണ് ഈ വിവിധ പദ്ധതികൾ വിശദവിവരങ്ങൾ നൽകുമോ ;

ഉത്തരം

2015-16 വർഷത്തെ ബജറ്റിൽ സഹകരണ വകുപ്പിന് 85.39 കോടി രൂപ (8539.00 ലക്ഷം രൂപ) വകയിരുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു :

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly